# ശബരിമല; ഐ&പിആർഡി മീഡിയ സെന്റർ സന്നിധാനം
# 11.01.2026

## മകരവിളക്ക് മഹോത്സവം; തീർത്ഥാടകർക്ക് സുരക്ഷിതവും സുഖകരവുമായ യാത്ര ഉറപ്പാക്കി കെഎസ്ആർടിസി

മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് തീർത്ഥാടകർക്ക് സൗകര്യപ്രദമായ യാത്ര ഉറപ്പാക്കുന്നതിന് 1000 ബസുകൾ സർവീസിനായി ഒരുക്കിയിട്ടുണ്ടെന്ന് കെഎസ്ആർടിസി അധികൃതർ അറിയിച്ചു. നിലവിൽ

പമ്പ–നിലയ്ക്കൽ റൂട്ടിൽ പ്രതിദിനം 160 ചെയിൻ സർവീസുകൾ നടത്തുന്നുണ്ട്.  തീർത്ഥാടക തിരക്ക് വർധിക്കുന്ന സാഹചര്യത്തിൽ 250 ബസുകൾ അധികമായി സർവീസ് നടത്തും.

കോയമ്പത്തൂർ, പഴനി, തെങ്കാശി തുടങ്ങിയ ഇതര സംസ്ഥാനങ്ങളിലെ നഗരങ്ങളിലേക്കും തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം ഉൾപ്പെടെയുള്ള വിവിധ ജില്ലകളിലേക്കുമായി ഇരുപതോളം ദീർഘദൂര സർവീസുകളും ക്രമീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ ഡിപ്പോകളിൽ നിന്നുള്ള മികച്ച ബസുകളാണ് പമ്പയിലേക്ക് സർവീസിനായി എത്തിച്ചിരിക്കുന്നത്.

ഹിൽടോപ്പിൽ ജനുവരി 12ന് രാവിലെ 8 മണി മുതൽ 15 ന് ഉച്ചയ്ക്ക് 12 മണി വരെ സ്വകാര്യ വാഹനങ്ങളുടെ പാർക്കിംഗ് നിരോധിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ബസുകൾക്കും സുരക്ഷാക്രമീകരണങ്ങളുടെ ഭാഗമായുള്ള വാഹനങ്ങൾക്കും മാത്രമേ പാർക്കിംഗിന് അനുമതിയുള്ളൂ. സ്വകാര്യ വാഹനങ്ങൾ നിലയ്ക്കലിൽ പാർക്ക് ചെയ്യണം. മകരജ്യോതി ദർശനം കഴിഞ്ഞ് ഭക്തർ തിരിച്ചെത്തുന്നതോടെ പമ്പയിൽ നിന്ന് നിലയ്ക്കലിലേക്ക് കെഎസ്ആർടിസി ചെയിൻ സർവീസ് നടത്തും.

നിലവിൽ 290 കണ്ടക്ടർമാരും 310 ഡ്രൈവർമാരും ഡ്യൂട്ടിക്കുണ്ട്. തീർത്ഥാടക തിരക്ക് വർധിക്കുന്ന സാഹചര്യങ്ങൾ ഉണ്ടായാൽ അധിക ബസുകളും ആവശ്യമായ ഉദ്യോഗസ്ഥരെയും വിന്യസിക്കുമെന്നും കെഎസ്ആർടിസി അധികൃതർ അറിയിച്ചു.

**മകരവിളക്ക് മഹോത്സവം: ബിഎസ്എൻഎൽ പുല്ലുമേട്ടിൽ താൽക്കാലിക ടവർ സ്ഥാപിച്ചു**

ശബരിമല മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് തീർത്ഥാടകർക്ക് മികച്ച ആശയവിനിമയ സൗകര്യമൊരുക്കാൻ ബിഎസ്എൻഎൽ പുല്ലുമേട്ടിൽ താൽക്കാലിക ടവർ സ്ഥാപിച്ചു. വനം വകുപ്പിന്റെ വാച്ച് ടവറിലാണ് ഈ അധികസംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. മകരജ്യോതി ദർശനത്തിനായി പതിനായിരങ്ങൾ എത്തുന്ന സാഹചര്യം കണക്കിലെടുത്ത് സ്ഥാപിച്ച ടവർ ജനുവരി 12 മുതൽ പ്രവർത്തനസജ്ജമാകും. സന്നിധാനത്തും പരിസരപ്രദേശത്തും എത്തുന്ന ഭക്തജനങ്ങൾക്ക് ബിഎസ്എൻഎൽ നെറ്റ്‌വർക്കിൽ യാതൊരുവിധ തടസ്സങ്ങളുമുണ്ടാകില്ലെന്ന് അധികൃതർ അറിയിച്ചു.

കൂടാതെ ബിഎസ്എൻഎൽ ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ മുപ്പത് എമർജൻസി മെഡിക്കൽ കെയർ സെന്ററുകളിലും വൈഫൈ സൗകര്യം നൽകിയിട്ടുണ്ട്. ഒപ്റ്റിക്കൽ ഫൈബർ കേബിൾ വഴിയാണ് ഈ സംവിധാനം ഒരുക്കിയിരിക്കുന്നത്. ഏത് അടിയന്തര സാഹചര്യത്തിലും ഈ വൈദ്യസഹായ കേന്ദ്രങ്ങളിൽ കോൾ ചെയ്യുന്നതിനും ഇന്റർനെറ്റ് ലഭ്യമാകുന്നതിനും സൗകര്യമുണ്ട്. അടിയന്തരഘട്ടങ്ങളിൽ വീഡിയോ കോൾ വഴി ആശയവിനിമയത്തിന് സാധിക്കും. വിവിധ വകുപ്പുകൾക്കും മാധ്യമങ്ങൾക്കും ബിഎസ്എൻഎൽ സന്നിധാനത്ത് വൈഫൈ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.